പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1240

20.03.2012-ൽ മറുപടിയ്ക്ക്

## പുതിയ റിംഗ് റോഡ്

| ചോദ്യം<br>ശ്രീ. ബെന്നി ബെഹനാൻ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) വൈറ്റില മൊബിലിറ്റി ഹബ്ബിൽ നിന്നും കാക്കനാട് വഴി ഒരു പുതിയ റിംഗ് റോഡ് നിർമ്മിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ; | (ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പുല്ലേപ്പടി തമ്മനം റോഡിന്റെ രണ്ടാംഘട്ടനിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പണി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയെങ്കിലും തുക വകയിരുത്തിയിട്ടില്ല ( Page No.75, item No.27, Vol. I |
| (ഡി) എൻ.എച്ച്. 47 – ഇടപ്പള്ളി - പാലാരിവട്ടം - വൈറ്റില – കുണ്ടന്നൂർ ഫ്ളൈ ഓവറിന്റെ നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ; | (ഡി) ഇത് സംബന്ധിച്ച് നിലവിൽ തീരുമാനം എടുത്തിട്ടില്ല. |
| (ഇ) സീപോർട്ട് - എയർപോർട്ട് റോഡിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ ; | (ഇ) സീപോർട്ട് എയർപോർട്ട് റോഡിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി 23.2.2012 -ലെ സ. ഉ. (ആർ.റ്റി) 275/12/ പൊതുമരാമത്ത് വകുപ്പ് പ്രകാരം 18.7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ RBDCK സ്വീകരിച്ചുവരുന്നു. |

(എഫ്) കാക്കനാട് - തങ്കളം റോഡിന്റെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

(എഫ്) റോഡിന്റെ അലൈൻമെന്റ് അംഗീകരിച്ചു. കാക്കനാട് തങ്കളം റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ധ്രുതഗതിയിൽ നടന്നുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ ആവശ്യമില്ലാത്ത കി.മീ. 26/057 മുതൽ 27/199 വരെയുള്ള റോഡു ഭാഗത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗതിയിലാണ്.

സെക്ഷൻ ഓഫീസർ.